IVO-5/42/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

അനൂപ്.പി.വി
ചാളക്കരമൽ
കീഴൂർ

സർ,

വിഷയം:: ഇരിട്ടി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തത് – സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ -0013

...............................

കീഴൂർ വില്ലേജിൽ സർവ്വെ 87/105ൽപ്പെട്ട 1 ആർ 41 സ്ക്വയർ മീറ്റർ സ്ഥലത്ത് പി.വി.അനൂപ് ഇരിട്ടി നഗരസഭയിൽ വാർഡ് 6 ൽ കണിയത്ത് മടപ്പുര റോഡിന് സൈഡിൽ നിർമ്മിച്ച വാസഗൃഹത്തിന് റോഡ് അതിർത്തിയിൽ നിന്നും പാലിക്കേണ്ട അകലം പാലിക്കാത്തതിനാൽ കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

സ്ഥിര അദാലത്ത് ഉപസമിതി അംഗങ്ങളും ഇരിട്ടി നഗരസഭാ ഓവർസിയറും സ്ഥല പരിശോധന നടത്തി കണിയത്ത് മടപ്പുര റോഡ് അതിർത്തിയിൽ നിന്നും പരാതിക്കാരന്റെ കെട്ടിടത്തിന്റെ മുൻവശത്ത് വിവിധ സ്ഥലങ്ങളിലായി 1.8 മീറ്റർ, 1.20 മീറ്റർ , 1.10 മീറ്റർ , 1.60 മീറ്റർ എന്നിങ്ങനെ വ്യത്യസ്ഥ അളവുകളാണ് ഫ്രണ്ട് യാർഡ് ആയി ലഭിക്കുന്നത്. KMBR Rule 26 Table 4A column (2) പ്രകാരം സൈഡ് യാർഡുകൾ ലഭിക്കുന്നില്ല. നിലവിൽ ടി റോഡിന് 4 മീറ്ററിൽ അധികം വീതിയുണ്ട്. റോഡ് വികസനത്തിന് വേണ്ടി അപേക്ഷകൻ സ്ഥലം വിട്ട് കൊടുത്തിട്ടുണ്ടെങ്കിൽ ആയത് പ്രകാരം കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഇളവ് ലഭിക്കുന്നതിനായി ആവശ്യമായ രേഖകൾ നഗരസഭയിൽ ഹാജരാക്കേണ്ടതാണ്.

താമസം തുടങ്ങിയ വീടിന്റെ തറ വിസ്തീർണ്ണം 78 M ആണെന്ന് ഓവർസിയറുടെ മെഷൻമെന്റിൽ കാണുന്നു. തദ്ദേശ സ്വയം ഭരണ ആർ.എ വകുപ്പിന്റെ ഉത്തരവ്. എം.എസ് നം. 170/2016 തിരുവനന്തപുരം തീയ്യതി: 16/11/2016 പ്രകാരം ടി കെട്ടിടത്തിന് യു.എ നമ്പർ അനുവദിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
29/01/2024